# മനുഷ്യദർശനത്തിന്റെ മഹാകവി
## ആലങ്കോട് ലീലാകൃഷ്ണൻ

ഇരുപതാം നൂററാണ്ടിലെ മനുഷ്യനെ അവന്റെ സമസ്തശക്തി-ദൗർബല്യങ്ങളോടും കൂടി ദർശിച്ച പ്രവാചക മനസ്സുള്ള മഹാകവിയായിരുന്നു ഇടശ്ശേരി ഗോവിന്ദൻനായർ. താൻ ജീവിച്ചുതീർത്ത കാലത്തിന്റെ അനുഭവങ്ങളിൽനിന്ന് വരുംകാലത്തിന്റെ ദർശനങ്ങളെ പൂരിപ്പിച്ചെടുക്കുകയാണ് ഇടശ്ശേരി തന്റെ കവിതകളിൽ ചെയ്തത്. ഇടശ്ശേരിക്കുശേഷം ജീവിക്കുവാൻ വിധിവന്ന നാമിന്ന് അദ്ദേഹത്തിന്റെ രചനകളിലെ ക്രാന്തദർശിത്വം അനുഭവിച്ചറിയുന്നു. കവി ജീവിച്ചിരുന്ന കാലത്തേക്കാൾ കൂടുതലായി ഇടശ്ശേരിക്കവിത ഇന്ന് വായിക്കപ്പെടുന്നതും വിലയിരുത്തപ്പെടുന്നതും അതുകൊണ്ടാണ്. ഭൂമിയിൽതന്നെയുള്ള ഈ മരണാനന്തര ജീവിതമാണല്ലോ വാസ്തവത്തിൽ കവിജന്മത്തിന്റെ അമരത്വം. മരണത്തെ തോല്പിച്ചുകൊണ്ട് ജീവിതം ചിരംജീവിത്വത്തിലേക്കു കുതിക്കുന്ന ഈ മാർക്കണ്ഡേയസഞ്ചാരം കവി നേരത്തെതന്നെ തന്റെ കവിതയിൽ കണ്ടുവെക്കുകയും ചെയ്തിരിക്കുന്നു. (കവിത-മാർക്കണ്ഡേയൻ)

ഇടശ്ശേരിക്കവിതയുടെ ശക്തി സാന്നിധ്യത്തിന്റെ തട്ടകമായ പൊന്നാനിയിൽ ഇന്ന് ഇടശ്ശേരിയുടെ നവതി വിപുലമായ പരിപാടികളോടെ ആഘോഷിക്കപ്പെടുന്നു. ഈ അവസരത്തിൽ കവിയുടെ ജീവിതത്തിലേക്കും കവിതയിലേക്കും പിന്തിരിഞ്ഞുനോക്കുമ്പോൾ ഈ നൂററാണ്ടിൽ നമ്മുടെ ഭാഷയിലുണ്ടായ ഏററവും മൗലികമായ മനുഷ്യദർശനം ഇടശ്ശേരിയുടേതായിരുന്നു എന്ന് തിരിച്ചറിയേണ്ടിവരികയാണ്.

“മർത്ത്യൻ സുന്ദരനാണ്, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾതൻ
നൃത്യത്തിനു മുതിർക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ.
അത്യന്തം കമനീയമേ മഹിതമാ-
യാലും മറിച്ചാകിലും
തൽഭാവങ്ങ,ളപൂർണമാണളവു-
കോലെന്നുള്ള കാലംവരെ” എന്ന് ‘സൗന്ദര്യാരാധന’യിൽ ഇടശ്ശേരി എഴുതിയത് 1940-ലാണ്. ആപേക്ഷികസിദ്ധാന്തത്തെ സൗന്ദര്യമാക്കിക്കൊണ്ടുള്ള ഈ മനുഷ്യദർശനം കവിയുടെ സത്യദർശനമാകുന്നു. പിന്നീട് ‘പൊന്നാനിക്കളരി’ എന്നു പ്രസിദ്ധമായിത്തീർന്ന അനശ്വര സാഹിത്യസൗഹൃദത്തിന്റെ ശക്തിയും സൗന്ദര്യവുമായിത്തീർന്നത് ഈ ദർശനമാണ്.

മനുഷ്യനെ സ്നേഹിക്കയാൽ ജീവിതത്തെ സ്നേഹിക്കുന്ന ഈ കാവ്യതത്ത്വശാസ്ത്രം ഇടശ്ശേരിയുടെ രചനകളിൽ അസാധാരണമാംവിധം ധീരമായ ഒരു ദാർശനിക ഭാവുകത്വം സൃഷ്ടിച്ചിരിക്കുന്നതു കാണാം. “അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും നരി തിന്നാൽ നന്നോ മനുഷ്യന്മാരെ? എന്നാണ് ‘ബുദ്ധനും ഞാനും നരിയും’ എന്ന കവിതയിൽ ഇടശ്ശേരി ചോദിക്കുന്നത്. തികഞ്ഞ ഗാന്ധിയനായിരുന്നിട്ടും ഒരു നാടകീയപ്രതിസന്ധിയിൽ അഹിംസാമൂർത്തിയായ ബുദ്ധന്റെ പ്രതിമയെടുത്ത് അദ്ദേഹം നരിയെ തലയ്ക്കടിച്ചുകൊല്ലുന്നു. മനുഷ്യനെ രക്ഷിക്കാൻ അംഹിസാമൂർത്തിയെപ്പോലും ആയുധമാക്കാൻ തനിക്കു മടിയില്ലെന്ന് ലോകത്തോട് പ്രഖ്യാപിക്കുകയാണ് ഈ അന്യാപദേശകഥയിലൂടെ ഇടശ്ശേരി ചെയ്തത്. ‘മാപ്പില്ല’ എന്ന കവിതയിൽ ഈ നിലപാട് കുറേക്കൂടി സർഗാത്മകമായ സമനില പാലിക്കുന്നതു കാണാം. തഥാഗതദർശത്തിന്റെ മൃദുകരുണാവായ്പിലാഴ്ന്നുപോവുമ്പോഴെല്ലാം “ഹാ, രക്ഷയ്ക്കാത്മകർമം ശരണ, മിതരമി,ല്ലില്ല മാപ്പ്” എന്ന ക്രൂരത്വത്തിലേക്ക് ഉയർത്തപ്പെടുവാൻ അദ്ദേഹം തന്റെ ഹൃദയത്തോട് പ്രാർഥിക്കുന്നുണ്ട്. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളോട് നിരന്തരം മല്ലിട്ട്, സഹനത്തിലും സമരത്തിലും ജീവിച്ച ഒരു തനിഗ്രാമീണന്റെ നീക്കുപോക്കില്ലാത്ത സത്യദർശനമാണിത്. “എന്തുവന്നാലുമെനിക്കാസ്വദിക്കണം മുന്തിരിച്ചാറുപോലുള്ളൊരിജീവിതം” എന്ന, തന്റെ കാലത്തുതന്നെ ശക്തിപ്പെട്ടുവന്നിരുന്ന ഭോഗാർത്തമായ കാല്പനിക ജീവിതാസക്തിയുടെ മറുപുറവുമായിരുന്നു ഇടശ്ശേരിയുടെ ജീവിതദർശനം. “ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാതെന്തിനു ജീവിതപലഹാരം?” എന്ന്, അത് കണ്ണുനീരിന്റെ സൗന്ദര്യത്തെ പുണർന്നുനിൽക്കാനാഗ്രഹിച്ചു.

“കളിയും ചിരിയും കരച്ചിലുമായ്-
ക്കഴിയും നരനൊരു യന്ത്രമായാൽ

അംബ, പേരാറേ! നീ മാറിപ്പോമോ
ആകുലയാമോരഴുക്കു ചാലായ്?"

എന്ന് ജൈവസൗന്ദര്യത്തിന്റെ നീരൊഴുക്കായ നിളാനദിയെ നോക്കി കവി അന്ന് വ്യാകുലപ്പെട്ടതും അതുകൊണ്ടാണ്.

കവിയുടെ പ്രവചനം സത്യമായിത്തീരുന്നത് ഇന്നു നാം കാണുന്നു. മനുഷ്യൻ യന്ത്രമായി മാറിപ്പോവുകയും, ജൈവനീതികൾ പൂർണമായും ലംഘിക്കപ്പെടുകയും ഭാഷയുടെ തായ്നദി മരുപ്പരപ്പായിത്തീരുകയും ചെയ്തിരിക്കുന്നു. കവികളാകട്ടെ അകത്തു മരുഭൂമികൾ പേറുന്നവരും പുറത്ത് കൃത്രിമപ്പച്ചകൾ തീർക്കുന്നവരുമാകുന്നു. എന്നാൽ, ഇടശ്ശേരിക്ക് കവിതയും ജീവിതവും രണ്ടായിരുന്നില്ല. എഴുതപ്പെട്ട വാക്കുകളിലെ തന്റെ നിലപാടുകൾ ജീവിതത്തിലുടനീളം പാലിക്കാൻ കഴിയണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, രാഷ്ട്രീയദർശനങ്ങളെ അന്ധമായി ആരാധിക്കുന്നവരുടെയോ നിന്ദ്യമായി തിരസ്കരിക്കുന്നവരുടെയോ സംഘങ്ങളിൽ അദ്ദേഹമുണ്ടായിരുന്നില്ല. കാലാകാലങ്ങളിൽ മനുഷ്യനു നന്മ ചെയ്യുന്ന എന്തിനേയും സ്വീകരിക്കുകയും അല്ലാത്തതിനെയൊക്കെ തമസ്കരിക്കുകയും ചെയ്യണം എന്നതായിരുന്നു ഇടശ്ശേരിയുടെ തത്ത്വശാസ്ത്രം.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരു,ണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാടുകതാൻവരം."

എന്ന ധീരമായ ഒരു സ്വതന്ത്രനിലപാടിൽ എക്കാലത്തും അദ്ദേഹം ഉറച്ചുനിന്നു. (പൊട്ടിപുറത്ത് ശീവോതി അകത്ത്) സംഘടിത പ്രസ്ഥാനങ്ങൾ സാമൂഹിക-സാംസ്കാരിക രംഗത്ത് ആധിപത്യമുറപ്പിച്ചിരുന്ന കാലങ്ങളിൽ അതുകൊണ്ടുതന്നെ കവി അവഗണിതനും ഒററപ്പെട്ടവനുമായിത്തീർന്നു. അക്കാര്യം ഇടശ്ശേരിക്ക് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. തന്റെ രാഷ്ട്രീയ നിലപാടുകളെക്കുറിച്ച് ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"ഗാന്ധിഭക്തനും മാർക്സിയൻ തത്ത്വശാസ്ത്രം എന്തെന്നറിയാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ കാവ്യങ്ങൾ പലതും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചാരണ സാഹിത്യശേഖരത്തിലേക്കു പാകമായി. ജീവിതപരാജയത്തിന് ഒരു കാരണം കൂടി: കോൺഗ്രസ്സുകാർക്ക് ഞാൻ ചുകന്ന പാർട്ടിക്കാരനാണ്. ചോപ്പനോ, ഞാൻ വെള്ളത്തൊപ്പിക്കാരനും, പക്ഷേ, മറന്നുകൂടാ; കവിയുടെ സ്വൈരജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറെറാന്നില്ല."

ഈ ഇച്ഛാബലമായിരുന്നു എന്നും ഇടശ്ശേരിയുടെ കൈമുതൽ.

"വെറുതെയായിട്ടില്ലെന്റെ ചലനമൊന്നും,
വെറുങ്ങലിപ്പെന്തെന്നു ഞാനറിഞ്ഞിട്ടില്ല.
കുനിഞ്ഞെങ്കി,ലൊരു പിലാവില പെറുക്കാൻ
കുടിച്ചിട്ടുണ്ടൊരുകിണ്ണം കൊഴുത്തകഞ്ഞി."

എന്ന് തന്റെ ജീവിതത്തിന്റെ പ്രയോജനപരതയിൽ, ഗ്രാമീണന്റെ പരിപക്വമായ തീർച്ചകളോടെ, അദ്ദേഹം ഉത്തമമായി വിശ്വസിച്ചു. താൻ വിശ്വസിച്ച ധാർമിക നിലപാടുകൾക്കുവേണ്ടി ഒരേസമയം പോരാളിയായും സന്ന്യാസിയായും തളരാതെ പ്രവർത്തിച്ചു.

പൊന്നാനിയിലെ കേവലം നിരക്ഷരർ പോലുമായ, ഗ്രാമീണരോടൊപ്പം കലയിലെ 'കൂട്ടുകൃഷി' നടത്തുമ്പോൾ ഇടശ്ശേരിക്കറിയാമായിരുന്നു; തന്റെ നാടകം പ്രതിരോധത്തിന്റെ മുഖത്ത് നീതിപീഠത്തിലെ വാളാകുമെന്ന്. ആ പ്രതീക്ഷകളെ ഫലവത്താക്കിക്കൊണ്ട് 'കൂട്ടുകൃഷി' എന്ന നാടകം കേരള ചരിത്രത്തിലെ സാമൂഹിക പരിവർത്തനത്തിന്റെ നാഴികക്കല്ലുകളിലൊന്നായി.

ഇന്ന് പൊന്നാനിയിൽ ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' വീണ്ടും പഴയ ജനകീയ പങ്കാളിത്തത്തോടെ അരങ്ങേററപ്പെടുന്നു. നാടകത്തെ ആയുധമാക്കി മാററിയ ഗ്രാമീണന്റെ പഴയ വെള്ളരിക്കണ്ടങ്ങളിൽ നിന്ന് സാംസ്കാരിക നവോത്ഥാനത്തിന്റെ സർഗശക്തികളെ വീണ്ടെടുക്കാൻ ഓർമകൾ ഒരു ജനതയ്ക്ക് ഊർജം തരുന്നു.

അതെ. നല്ല മനുഷ്യനായി ജീവിച്ച് നല്ല കവിയായിത്തീർന്ന ഇടശ്ശേരിയെ അനുസ്മരിക്കുമ്പോൾ ഇന്ന് നമ്മുടെ കാലത്തിന് അന്യമായിത്തീർന്ന നന്മനിറഞ്ഞ കലാദർശനത്തെ നാം തിരിച്ചറിയുന്നു.